
# S.D.P.Y.G.V.H.S.S PALLURUTHY




## സ്കൂൾ മാഗസിൻ-2019-20

# സന്ദേശം..............................

കുട്ടികളുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ആധുനിക വിവര സാങ്കേതിക വിദ്യകളുടെ പ്രയോഗവൽക്കരണത്തിനു കൂടി ഉപയുക്തമാകുന്ന സംരംഭമാണ് സ്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന ഈ മാഗസിൻ .

ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഈ സംരഭത്തിന് എല്ലാ വിധ ആശംസകളും അർപ്പിക്കുന്നു അതോടൊപ്പം ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ അദ്ധ്യാപകരെയും വിദ്യാർഥികളെയും അഭിനന്ദിക്കുന്നു



**Smt. Seema K.K**
**(Headmistress)**

# ആശംസകളോടെ...................

**വിവര സാങ്കേതിക വിദ്യയുടെ പുത്തൻ ലോകത്തു പറന്നു നടക്കുന്ന ലിറ്റിൽ  കൈറ്റ്സ് പുറത്തിറക്കുന്ന സ്കൂൾ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു**



**Sri  C.P Kishore**

**School Manager**

**ആശംസകളോടെ....................**

**സർഗ്ഗശേഷിയും സാങ്കേതിക വൈദഗ്ധ്യവും സമന്വയിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഡിജിറ്റൽ മാഗസീനിന് എല്ലാവിധ ആശംസകളും നേരുന്നു**



**Ajitha T.P**

**Deputy. HM**

# ആശംസകളോടെ....................

നമ്മുടെ സ്കൂളിലെ ലിറ്റിൽ  കൈറ്റ്സ് പുറത്തിറക്കുന്ന സ്കൂൾ മാഗസിന്
എല്ലാ വിധ ആശംസകളും നേരുന്നു



**Smt. Usha Sahadevaprabhu**

**PTA President**

# ആശംസകളോടെ.....................

**നമ്മുടെ വിദ്യാലയത്തിൽ നിന്നും ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു ഈ മഹത്തായ ദൗത്യത്തിൽ പങ്കാളികളായ എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകസുഹൃത്തുക്കൾക്കും ആശംസകൾ നേരുന്നു**



**Smt. Maya K Sreedharan**

**SITC**

# സ്കൂളിനെക്കുറിച്ച്

**1916 മാർച്ച് 8-ന് ഗുരുദേവൻ ശ്രീ ഭവാനീശ്വരക്ഷേത്രത്തിൽ ശിവലിംഗ പ്രതിഷ്ഠ നടത്തിയതോടൊപ്പം ശിലാസ്ഥാപനം നിർവഹിച്ച പ്രൈമറിസ്കൂൾ,1919-ൽ പണിപൂർത്തിയാക്കി വിദ്യാദാനം ആരംഭിച്ചു.1925 മെയ് 18 – ന് ഇത് അപ്പർ പ്രൈമറിസ്കൂളായി ഉയർന്നു.1946 ൽ ഹൈസ്കൂളായി ഉയരുകയും അന്നത്തെ തിരു-കൊച്ചി വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ പനംപിള്ളി ഗോവിന്ദമേനോൻ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. 1966 കാലഘട്ടത്തിൽ ഹൈസ്കൂൾ വിപുലീകരണത്തിനായി കൂടുതൽ ഡിവിഷനുകൾ ആരംഭിച്ചു. 1970 കാലഘട്ടത്തിൽ എസ്.ഡി.പി.വൈ.ഹൈസ്കൂൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സ്കൂളായി വിഭജിക്കപ്പെട്ടു. അങ്ങിനെ രൂപം കൊണ്ടതാണ് എസ്.ഡി.പി.വൈ.ഗേൾസ് സ്കൂൾ.ഈ സ്കൂളിലെ പ്രഥമ പ്രധാനാദ്ധ്യാപകൻ യശ: ശരീരനായ ശ്രീ പി. ആർ.കുമാരപിള്ളആയിരുന്നു.അന്ന് പ്രധാനാദ്ധ്യാപകൻഉൾപ്പെടെഏകദേശം 42 അദ്ധ്യാപകരും 1036 കുട്ടികളുമാണ് ഉണ്ടായിരുന്നത്.വളർച്ചയുടെ വിവിധഘട്ടങ്ങൾ പിന്നിട്ട് ഈ സ്കൂൾ 1997-ൽ വൊക്കേഷണൽ ഹയർ സെക്കന്ററിസ്കൂളായി ഉയർന്നു.2002-ൽ അൺ എയ്ഡഡ് പ്ലസ് ടു വിഭാഗവും ഈ സ്കൂളിന് കീഴിൽ പ്രവർത്തനം ആരംഭിച്ചു. ഇന്ന് പ്രധാനാദ്ധ്യാപകൻ ഉൾപ്പെടെ 30 അദ്ധ്യാപകരും 5 അനദ്ധ്യാപകരും 642 കുട്ടികളും ഈ വിദ്യാലയത്തിലുണ്ട്.വൊക്കേഷണൽ ഹയർസെക്കന്ററിയിൽ computer Science,MLT എന്നീ കോഴ്സുകളും അൺഎയ്ഡഡ് പ്ലസ് ടു വിൽ Computer Science, Biology,Commerce + Computer application, commerce + Politics എന്നീ കോഴ്സുകളും വിജയകരമായി നടത്തിപ്പോരുന്നു. സ്കൂൾ മാനേജ്മെന്റും പിടിഎ തുടങ്ങിയവരുടെ സഹകരണവും കുട്ടികളുടെ പഠന പഠ്യേതര മികവ് വളർത്തുന്നതിലും ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിലും സഹായിക്കുന്നു.**






# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | സീമ K.K (HM) |
| സ്റ്റുഡന്റ് എഡിറ്റർ | : | തസ്‌ലീമ T.H |
| അംഗങ്ങൾ | : | ദേവപ്രിയ V.J<br>ഫിൽസിന T.F<br>ഹർഷ അന്നാ ജേക്കബ്<br>ഫാത്തിമ അഫ്സൽ<br>നന്ദന V.S<br>അൻസിയ N.A<br>ഹഫ്ന M.H<br>അദീന P.S<br>ഫർഹാന A.U<br>റിസ്‌വാന R.R<br>അൽന മരിയ |



# മാഗസിനെ കുറിച്ച്

വിവരവിനിമയ സാങ്കേതിക വിദ്യയിൽ അഭിരുചിയുള്ള കുട്ടികളുടെ ഒരു സംഘം രൂപപെടുത്തിയെടുക്കാനുള്ള പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ശ്രമമാണ് സ്കൂളുകളിൽ ലിറ്റില് കൈറ്റ്സ് ഐ.ടി ക്ലബ്ബിന്റെ രൂപീകരണത്തിന് വഴിവെച്ചത്. മലയാളം കംപ്യൂട്ടിങ്ങുമായി ബന്ധപെട്ട കുട്ടികളെ മലയാളഭാഷ ടൈപ്പിങ് രീതികൾ പരിചയപെടുത്തുന്നതിനും ഡിജിറ്റൽ മാഗസിൻ നിർമാണത്തിന് ആവശ്യമായ സങ്കേതങ്ങൾ പരിശീലിപ്പിക്കുന്നതിനുമായി സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ട ഒരു പ്രോജക്ടിന്റെ ഭാഗമാണ് ഇ മാഗസിൻ .

വിദ്യാരംഗം പ്രവർത്തങ്ങളുടെ ഭാഗമായി ലഭിച്ച സാഹിത്യ സൃഷ്ടികളും വിദ്യാലയത്തിലെ കവികളുടെയും കലാകാരികളുടെയും സൃഷ്ടികളും സാഹിത്യാഭിരുചിയുള്ള അദ്ധ്യാപകരുടെ രചനകളും മാഗസിനിൽ ഉപയോഗിച്ചിട്ടുണ്ട് .ഇതിനായി സഹകരിച്ച എല്ലാ അദ്ധ്യാപകരോടും വിദ്യാർഥികളോടും നന്ദി അറിയിക്കുന്നു

ഡിജിറ്റൽ മാഗസിനായതുകൊണ്ട് സാധാരണ മാഗസിനുകളുടെ പരിമിതി ഇതിനില്ല. ഇപ്പോൾ ചേർക്കാൻ കഴിയാത്ത പല രചനകളും ഉൾപ്പെടുത്താനുള്ള അനന്തമായ സാധ്യത തുറന്നിട്ടുകൊണ്ടാണ് ഈ മാഗസിൻ നിങ്ങളുടെ കൈകളിൽ എത്തുന്നത്



എന്ന്
കൈറ്റ് മിസ്ട്രസ്

# താളുകളിലൂടെ


- സൗഹൃദമെന്ന മഴവിൽ
- മിർണ
- പെണ്ണ്
- മഹത്വഭാഷ
- Nature
- മൊബൈൽ ഫോൺ
- കാർമുകിൽ
- സമൂഹത്തിലെ കോമാളി
- പ്രകൃതി
- ചിലന്തി
- കടംകഥകൾ
- പ്രകൃതി സംരക്ഷണം
- മാതൃവാത്സല്യം
- ഭൂമി മരിക്കുന്നുവോ
- ഞങ്ങൾക്കും പറയാനുണ്ട്
- സുവർണ നിമിഷങ്ങൾ
- കൃഷ്ണനെ തേടി
- കാടിന്റെ സന്തോഷം
- കേരളം എങ്ങോട്ട്
- ദൂര
- ചങ്ങാതി
- ഞാനെന്ന ചിന്ത
- വൃദ്ധസദനം
- സ്വാതന്ത്ര്യം
- Shining princess
- ജന്മം
- ചിന്നുവിന്റെ സ്വപ്നം
- കലാചാരുത

# സൗഹൃദമെന്ന മഴവിൽ




കരയിപ്പിച്ച പ്രണയത്തേക്കാൾ നല്ലത് ചിരിപ്പിച്ച സൗഹൃദമാണ്. രണ്ടു ചായക്കപ്പുകളിൽ തീരാവുന്ന പിണക്കമെ സൗഹൃദത്തിനുള്ളൂ എന്നും പറഞ്ഞു തന്നു . സൗഹൃദമെന്നാൽ രണ്ടുഹൃദയങ്ങൾ തമ്മിൽ ഏഴ് വർണവികാരങ്ങൾ പങ്കുവെക്കുന്ന മഴവിൽ ആണ് .ഇടക്ക് തോന്നും എന്തിനും ഏതിനും കൂടെ കൂട്ടുകാർ നിഴലായ് ഉള്ളത് വല്ലാത്തൊരു ധൈര്യമാണെന്ന് .ഇടക്ക് ചിന്തിക്കും നമ്മുടെ ഇഷ്ടക്കൂടുതലും സ്വാർത്ഥതയും കാരണം നമ്മളെ സ്നേഹിക്കുന്നവരുടെ ഭാവി ഇല്ലാതാകുന്നതിലും നല്ലതല്ലേ... സ്വയം വീർപ്പു വാങ്ങി അവർക്ക് വഴി മാറി മാറികൊടുക്കുന്നത് .

ചിലനേരത്ത്തോന്നും ഞാനും എന്റെ കൂട്ടുകാരും ടോം ആൻഡ് ജെറിയെ പോലെ ആണെന്ന് .പ്രണയത്തേക്കാൾ സൗഹൃദത്തിന് ഒരിടമുണ്ടെന്ന് കാണിച്ചുതന്ന ചിലരുണ്ട് ജീവിതത്തിൽ . കർമബന്ധം കൊണ്ട് രക്തബന്ധത്തിനൊപ്പമെത്തുന്ന ചിലരുണ്ട് ജീവിതത്തിൽ കണ്ടുമുട്ടാൻ എന്തെ ഇത്ര വൈകിയതെന്ന് പലപ്പോഴും ചിന്തിപ്പിച്ചിട്ടുണ്ട് ചിലർ .

അകലുവാൻ ആഗ്രഹിച്ചാലും ഞാനെന്ന വ്യക്തിയെ മനസിലാക്കി കൂടുതൽ അടുക്കുകയാണ് എന്റെ കൂട്ടുകാർ . കഴിയുമെങ്കിൽ ഞാൻ ലോകത്തോട് പറയും എ ട്ടൂ ലൈഫ് നീഡ് എ ട്ടൂ ഫ്രണ്ട്

***ഫാത്തിമ അഫ്സൽ***
***9***



# മിർണ

മിർണ എന്ന പതിമൂന്ന വയസ്സുകാരി പെൺകുട്ടി. അവൾ മുംബൈയിൽ താമസിക്കുന്നു. അവളുടെ അച്ഛൻ അവളിൽ നിന്ന് മറഞ്ഞിട്ട് നാളുകൾ ഏറെയായി.അവളുടെ അമ്മ അച്ഛന്റെ വേർപാടിന് ശേഷം ആകെ തളർന്ന അവസ്ഥയിലാണ് .അവൾ ഒരു നേരത്തെ അന്നത്തിനു വേണ്ടി വീട്ടുജോലികൾ ചെയ്യുന്നു . അവൾ പഠനം നടത്തുന്നില്ല . അവളും അവളുടെ അമ്മയും ചേർന്ന് ഒരു ചെറിയ കുടിലിൽ താമസിച്ചു വരുമ്പോൾ .......

ഒരിക്കൽ ഒരു വിരുന്നുകാരൻ എത്തുന്നു . 'അമ്മ കിടക്കയിൽ തന്നെ കിടന്നു . അവൾ വീട്ടിൽ ആരോ പ്രവേശിച്ചെന്നു മനസ്സിലാക്കി വീടിന്റെ പുറകിൽ നിന്ന് വരാന്തയിലേക്ക് ഓടി വന്നു . അയാളെ അവൾക്ക് മനസ്സിലായില്ല .അത് ആരാണെന്ന് മനസ്സിലാക്കാൻ വേണ്ടിയുള്ള ആകാംക്ഷയിൽ "പേര് എന്താ " എന്ന് ചോദിച്ചു . " റോഷൻ എന്ന് ഉത്തരം നൽകി . " ഇത്തിരി വെള്ളം തരാമോ " എന്നയാളുടെ ദാഹം ശമിപ്പിക്കാൻ വേണ്ടി ചോദിച്ചു . അവൾ വീടിന്റെ പുറകിലേക്ക് ഓടി ചെന്ന് അവിടെയിരുന്ന പാത്രത്തിൽ വെള്ളം എടുത്ത് അദ്ദേഹത്തിന് നൽകി . അയാൾ വെള്ളം കുടിച്ചു ദാഹം ശമിപ്പിച്ചു .മിർണ ഒരു കസേര എടുത്തു പുറത്തിട്ടിട്ട് ഇരിക്കാൻ പറഞ്ഞു . അയാൾ ഇരുന്നു . അയാൾ ആരാണെന്നറിയാൻ അവൾക്ക് ആഗ്രഹം ഉണ്ടായപ്പോൾ അയാൾ സ്വയമേ പറഞ്ഞു "പൂനെയിൽ നിന്ന് ഞാൻ ഡൽഹിയിലേക്ക് ഒരു യാത്ര നടത്തുകയാണ് . കാൽനട യാത്ര ആയതിനാൽ ആഴ്ചകൾക്കു ശേഷം മുംബൈ വരെ ഇപ്പോൾ എത്തിയിട്ടുള്ളു . എന്റെ കയ്യിലുണ്ടായ ദാഹ ജലം ഇപ്പോൾ തീർന്നിരിക്കുന്നു" . ക്ഷീണിതനായ അയാൾ ഇവിടെ കയറിയതാണ് . മിർണയ്ക്ക് അയാൾ നല്ലൊരു മനുഷ്യനാണെന്നു തോന്നി . അവൾ അവളെ കുറിച്ചും അവളുടെ അവസ്ഥയെ കുറിച്ചും പറഞ്ഞു. നിമിഷങ്ങൾക്കുള്ളിൽ അവർ സുഹൃത്തുക്കളെ പോലെയായി . അവൾ അമ്മയുടെ കാര്യം അയാളോട് പറഞ്ഞു . അവൾ ദാരിദ്രാവസ്ഥയിലൂടെയാണ് കടന്നു പോകുന്നത് . അമ്മയുടെ ചികിത്സയ്ക്കായുള്ള പണം അവളുടെ കയ്യിൽ ഇല്ല എന്ന് മനസിലാക്കി റോഷൻ തനിക്കു യാത്രയ്ക്ക് വേണ്ടി മാറ്റി വെച്ച പണം അവൾക്കു നൽകുന്നു . ഒരു ബഹുമാന്യ സ്ഥാനത്തു അയാളെ അവൾ കല്പിച്ചു യാത്രയ്ക്കായുള്ള മുന്നൊരുക്കങ്ങൾ നൽകി മുന്നോട്ടു പോകാൻ അനുവദിച്ചു . അയാൾ ഇരുട്ടിലേക്ക് മറയുന്നതു നോക്കി അവൾ നിന്നു. അയാളുടെ യാത്ര മുന്നോട്ടും ..................

DEVA PRIYA

# പെണ്ണ്

*പെണ്ണായി ജീവിക്കണം...*

*സമൂഹത്തിന്റെ വിലക്കുകളിലല്ല...*

*കണ്ണീർ വാർക്കുന്നവളുമായല്ല...*

*അടുപ്പിൽ ഊതി പുകഞ്ഞുമല്ല...*

*തനിക്കെതിരെ ചൂണ്ടുന്ന വിരലുകളെ*

*ഛേദിക്കാൻ പോന്നവളായി...*

*വീഴ്ചകളെ ആയുധമാക്കുന്നവളായി...*

*തന്റെ വ്യക്തിത്വത്തിൽ ഉറച്ചു*

*നിൽക്കുന്നവളായി.....*



***Hafna***

# മഹത്വഭാഷ

നമ്മുടെ ഈ സമൂഹത്തിൽ കുറച്ചു കുട്ടികൾ മാത്രമാണ് മാതൃഭാഷ സംസാരിക്കുന്നത്. ചില കുട്ടികൾ മാതൃഭാഷ സംസാരിക്കുന്നെണ്ടെങ്കിലും ചില അന്യഭാഷകൾ കലർത്തുകയാണ് അവരുടെ പതിവ്. പണ്ടത്തെ കവിതകളും കഥകളും നല്ല പദസമ്പത്തുള്ളവയായിരുന്നു. എന്നാൽ ഇപ്പോഴത്തെ കവിതകളിലൊന്നും ആ ഒരു പദസമ്പത്ത് കാണാറില്ല. ഇതെല്ലാം നമ്മൾ വളർത്തിക്കൊണ്ടു വരുകയാണ് വേണ്ടത്. ഇംഗ്ലീഷ് മീഡിയങ്ങളിൽ നിന്ന് കുട്ടികളെ മാറ്റി മലയാളം മീഡിയത്തിൽ ആക്കുകയും, പത്രങ്ങൾ നന്നായി വായിപ്പിക്കുകയും, കഥാ പുസ്തകങ്ങളും, മാസികകളും വായിപ്പിച്ച് കുട്ടികൾക്ക് മാതൃഭാഷയുടെ മഹത്വവും, തെറ്റ്കൂടാതെ മലയാളം പറയാനുള്ള കഴിവും ഉണ്ടാക്കാൻ നമുക്ക് സാധിക്കും.

നമ്മുടെ മലയാളം വളരുന്നതിനനുസരിച്ചു അതിന്റെ പ്രാധാന്യം വർധിക്കുന്നു. മലയാളം കേരളീയരുടെ അഹങ്കാരമാണ്. പക്ഷെ ഈ കാലഘട്ടത്തിൽ കുട്ടികൾ കൂടുതൽ വെറുക്കുന്നതായി മാറ്റിയിരിക്കുകയാണ് മലയാളഭാഷയെ. മലയാളം എന്ന ഭാഷ നമ്മുടെ അഭിമാനം തന്നെയാണ്. നമ്മൾ നമ്മുടെ ഭാഷയെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യണം. അതിനെ ഇല്ലാതാക്കാൻ സമ്മതിക്കരുത്. അതിനെ ഇല്ലാതാക്കാതെ സംരക്ഷിക്കണമെന്ന് നമ്മൾ പ്രതിജ്ഞ ചെയ്യണം.



അധീന

# NATURE ...

*Nature is the beautiful gift of god .We have to protect her. It is our responsibility to protect her because she's our mother . Nature is not that we think . Nature give us many happy moments . She makes our life more beautiful .But what we return?*

*She is trying to protect us but we are destroying her . By cutting trees , destroying hills , polluting water bodies , quaring , dumping of electronic wastes on water bodies causes the destruction of fishes and other creatures that live under water etc .*

*Look deep into the nature , and then you will understand everything better ...........................*

*If you truly love nature you will find beauty everywhere . One touch of nature makes the whole kin . "The creation of a thousand forests is in one corn" . "Love the trees until their leaves fall off then encourage them to try again next year" .In every walk in with the nature one receives far more than she seeks .*

*Peace spreads in the wings of the nature . There is no better designer than nature .Nature is not a place to visit ,its our home . Adopt the pace of nature , her secret is patience . Being with nature can change our nature . Respect nature and it will provide you with abundance . So we have to protect our nature .*



*Harsha*



# മൊബൈൽ ഫോൺ



*അകലങ്ങളെ ഇല്ലാതാക്കുന്ന ബന്ധങ്ങൾ വളർത്തിയെടുക്കുന്ന മൊബൈൽ ഫോൺ ഇന്ന് ഒഴിച്ചുകൂടാനാവാത്ത ഒന്നായിത്തീർന്നിരിക്കുന്നു . ക്യാമറ, ഇന്റർനെറ്റ്, ജി.പി.എസ് ,സംവിധാനം ഇന്ന് സെൽ ഫോണുകളിൽ ലഭ്യമാണ്. യാത്രയിൽ ഉപയോഗിക്കാം എന്ന നിലയിൽ അതിന്റെ ഉപയോഗം നന്നാണ്.*

*എന്നാൽ നമ്മുടെ വിദ്യാർത്ഥികളെ വഴിതെറ്റിക്കുന്നതിൽ മൊബൈൽ ഫോണുകൾ മുന്നിലാണ് എന്നത് ഞെട്ടിക്കുന്ന ഒരു യാഥാർഥ്യമാണ്. യു.പി. ക്ലാസുകൾ മുതൽ ഒളിച്ചും അല്ലാതെയും മൊബൈൽ ഫോൺ ഉപയോഗിക്കുന്ന കുട്ടികളുടെ എണ്ണം വർധിച്ചിരിക്കുന്നു . ആകർഷിക്കുന്നതെന്തും സ്വന്തമാക്കാനുള്ള മോഹം ഉള്ളിൽ വളരുന്ന കൗമാരപ്രായക്കാരെ ഇതിന്റെ ഉപയോഗം വഴി തെറ്റിക്കുന്നു .*



**ആൻസിയ.എൻ.എ**

# കാർമുകിൽ

മഴ പെയ്യുമ്പോൾ കാർമേഘങ്ങൾ ഓടിയെത്തുന്നു...

കുട്ടികൾക്കെല്ലാം സന്തോഷമായി...

തുള്ളിത്തുള്ളിക്കളിക്കാലോ...


തുള്ളിത്തുള്ളിചാടാലോ...

കടലാസ് വഞ്ചി തുഴഞ്ഞ് കളിക്കാലോ...

കടലാസ് വഞ്ചി തുഴഞ്ഞ് കളിക്കാലോ...

ലലാലാലാലാലലലാലല...

ലാലാലാലാലലലലലലലാ...



ഫർഹാന

# സമൂഹത്തിലെ കോമാളി



ഒരിക്കൽ ഒരു തെരുവിൽ കോമാളി ജീവിച്ചിരുന്നു. അദ്ദേഹം ജനങ്ങളെ സന്തോഷിപ്പിക്കാൻ ഓരോ പ്രകടനങ്ങൾ കാഴ്ച്ചവെയ്ക്കുമായിരുന്നു. മറ്റുള്ളവരെ സന്തോഷിപ്പിച്ച് സ്വന്തം ദുഖങ്ങൾപ്പോലും ചിരിയിലൂടെ തള്ളിനീക്കി ഇദ്ദേഹത്തിൻെറ അസുഖം ഇത് തന്നെയായിരുന്നു. മിണ്ടാൻ കഴിയാത്തതിനാൽ ഇയാളുടെ പേര് ആർക്കും അറിയില്ല. തൻമൂലം ഒരു ബോർഡ് നഷ്ട്പെട്ടതിനാൽ മുതലാളി ജോലിയിൽനിന്ന് പുറത്താക്കി കുറേ കളിയാക്കുകയും ചെയ്തു. സമൂഹത്തിലെ മനുഷ്യരുടെ അവഗണനയും പരിഹാസവും കാരണമെന്ന് അദ്ദേഹം മനസ്സിലാക്കിയതിനാൽ അവരോടെല്ലാം പകരം വീട്ടണമെന്ന് അദ്ദേഹം നിശ്ചയിച്ചിരുന്നു. അങ്ങനെ, മനസ്സിൽ ഉറങ്ങിക്കിടന്നിരുന്ന ക്രൂരമുഖത്തിന് ജന്മം നൽകി. ആ വിഷമത്താൽ പോകുന്ന വഴിയിൽ വേറെ കുറെ കോമാളികളെ ഇദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടു. അവരെല്ലാം പാവപ്പെട്ടവരായതിനാൽ പണക്കാരുടെ കീഴിലായിരുന്നു ജോലി ചെയ്തിരുന്നത്. ഇതെല്ലാം കണ്ടു കോമാളിക്ക് വിഷമമായെങ്കിലും ചിരിച്ചുകൊണ്ട് അതിനെ തള്ളിനീക്കി. അങ്ങനെ വിഷമിച്ചു പോകുന്ന സമയത്തു വേറൊരു സമ്പന്നൻ വന്ന് അവന്റെ മുന്നിൽവെച്ച് കളിയാക്കി കൊണ്ടിരുന്നു. ഇതെല്ലാം കണ്ടു ക്ഷുഭിതനായ അവൻ അയാളെ കൊല്ലുവാൻ തീരുമാനിക്കുന്നു. ഏത് പാവപ്പെട്ട കോമാളികളെ പണക്കാരൻ കളിയാക്കുന്നതറിഞ്ഞാൽ ആ നിമിഷം അവരെ കൊല്ലുവാൻ തീരുമാനിക്കുന്നു.

ജോലിയിൽ നിന്ന് പുറത്താക്കിയ മുതലാളിയെ ആദ്യംതന്നെ കൊല്ലുന്നു. അവസാനം അഹങ്കാരം മൂത്ത പണക്കാരെ അവൻ കൊന്നൊടുക്കി. സമൂഹത്തിലെ കോമാളിയായിരുന്നവൻ പിന്നീട് ആ പ്രദേശത്തു പേടിക്കുന്ന ഒരാളായിമാറി അത് കൊണ്ട് തന്നെ എല്ലാ പണക്കാരും പാവപ്പെട്ടവരെ അടിച്ചമർത്തുവാൻ ഭയപ്പെട്ടു. അങ്ങനെ, ആ ചെറിയ രാജ്യത്തു അവൻ ആ പാവപ്പെട്ടവരുടെ രാജാവായി മാറി.

ഫർഹാന

9.B

# പ്രകൃതി

ഭൂമിയെ മനോഹരമാക്കുന്നത് പ്രകൃതിയാണ്.

സൂര്യന്റെ വെളിച്ചത്തിൽ പ്രകൃതി ഭൂമിയെ മനോഹരമാക്കി നമ്മളിൽ കുളിർമ ഉണ്ടാകുന്നു.

എല്ലാ ജീവജാലങ്ങളും പ്രകൃതിയുടെ വരദാനമാണ്.

പക്ഷെ , ഇന്ന് പ്രകൃതിയില്ല പ്രകൃതിയുടെ ഭംഗിയില്ല.

മനുഷ്യരുടെ നീച പ്രവൃത്തി കാരണം പ്രകൃതി

ഇല്ലാതായിരിക്കുന്നു.

ഭൂമിക്ക് അനുയോജ്യമായ കാലാവസ്ഥയല്ല

ഇപ്പോഴുള്ളത്.

പ്രകൃതി എപ്പോഴും ക്ഷുഭിതയായി കൊണ്ടിരിക്കുന്നു.

പ്രകൃതിയെ സംരക്ഷിക്കുക.............



**DEVA PRIYA**
**9B**



# ചിലന്തി

ചുറ്റും വലകളാണ്
ഇന്റർനെറ്റിന്റെ
ഇഴമുറിയാത്തവലകൾ
ഏറെ തേടുവാൻ
വലക്കണ്ണികളുമായി
പതിയിരിക്കുന്ന ചിലന്തികൾ
ചോരയൂറ്റിക്കുടിക്കുവാൻ
കാത്തിരിക്കുന്നവ
മജ്ജയും മാംസവും
ആർത്തിയോടെ നുകരുന്ന
വലകളാണ് ചുറ്റും
വഴികൾ ചിലന്തികൾക്കേഅറിയൂ
നിരപരാധികൾ
ശിക്ഷിക്കപ്പെടുന്നവലകൾ

വിജയ മഞ്ജിത്ത്
(അദ്ധ്യാപിക)



# MOTHER

*In my heart are many memories*

*of the loving things you've done*

*And today i want to tell you that*

*I'm thankful for each one*

*there is a special memory*

*I'd like to mention too*

*ever since i can remember*

*I remember loving you*




***FILSINA***

***9A***



# കടങ്കഥകൾ

1) അകമില്ല പുറമില്ല  ഞെട്ടില്ല വട്ടായില
2) അടയുടെ മുൻപിൽ പെരുമ്പട
3) അടയ്ക്കും തുറക്കും കിങ്ങിണിപത്തായം
4) അടി പാറ നാട്ട വടി മീതെ കട
5) അട്ടക്കൽ കോവിലിൽ മുന്നോടണ്ട് ദൈവങ്ങൾ
6) അമ്പാട്ടെ പട്ടിക്ക് മുമ്പോട്ട് വാല്
7) 'അമ്മ കൊല്ലുന്നനെ മകൾ കുരുന്നനെ
8) അമ്മയെ തൊട്ട മകൻ വെന്ത് മരിച്ചു
9) ഒരമ്മ പെറ്റതൊക്കെ കറുത്ത പട്ടാളം
10)കണ്ടാൽ വേര് തിന്നാൽ മധുരം
11) ഒറ്റകാലന്  ചന്തക്ക് പോയി
12)എന്നെ തൊട്ടാൽ തോറ്റവനെ തട്ടും
13)മണ്ണിനടിയിൽ പൊന്നമ്മ

**<u>ഉത്തരങ്ങൾ</u>**

പപ്പടം
തേനീച്ചകൂട്
കണ്ണ്
ചേന
അട്ടപ്പ്
ചിരവ
കവുങ്ങ്
തീപ്പെട്ടികൊള്ളി
കട്ടുറുമ്പ്
ഇരട്ടിമധുരം
കുട
വൈദ്യുതി
മഞ്ഞള്

# പ്രകൃതി സംരക്ഷണം

വായു ,വെള്ളം ,ആകാശം ,ഭൂമി ,വനങ്ങൾ എന്നിവ ചേർന്നതാണ് പ്രകൃതി .പ്രകൃതിയെ സംരക്ഷിക്കാൻ  നാം കടപ്പെട്ടിരിക്കുന്നു .കാരണം പ്രകൃതി നമ്മുടെ അമ്മയാണ് .പ്രകൃതിയെ ബാധിക്കുന്ന ഒന്നാണ് ജലമലിനീകരണം .ജലമലിനീകരണം പല വിധത്തിൽ നടക്കുന്നു . കപ്പലുകളിൽ നിന്നുണ്ടാകുന്ന എ ----- ചോർച്ച ജലത്തെ മലിനമാക്കുന്നു .കപ്പൽ യാത്രക്കാർ കടലിലേക്ക് വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികൾ കടൽ ജീവികളുടെ നാശത്തിനു കാരണം ആകുന്നു .പല കടൽ ജീവികൾക്കും അഭയമാകുന്ന പവിഴപ്പുറ്റുകൾ നശിക്കുന്നു .പുഴവെള്ളം മലിനമാകാൻ കായൽ ടൂറിസം കാരണം ആകുന്നുണ്ട് .വീട്ടിൽ നിന്നും ,ഫാക്ടറികളിൽ നിന്നും പുറം തള്ളുന്ന മാലിന്യങ്ങൾ ,പുഴയിലെ അലക്ക് ,കുളി എന്നിവയും പുഴവെള്ളത്തെ മലിനമാക്കുന്നു .നീർക്കാക്ക ,കുളക്കോഴി എന്നീ പക്ഷികൾ വംശനാശത്തിന്റെ വക്കിലാണ് . തോടുകളും ,നീർച്ചാലുകളും നികത്തപ്പെടുന്നതാണ് ഇതിന്റെ കാരണം .ശുദ്ധ ജലസ്രോതസ്സുകൾ  മലിനമാക്കുന്നതിനാൽ താമരയും, ആമ്പലും ഇന്ന് വംശനാശ ഭീഷണിയിലാണ് .  വാഹനപ്പുക ,ഫാക്ടറിപ്പുക ,എന്നിവയാണ് വായുവിനെ മലിനമാക്കുന്നത് .വാഹനപ്പുകയും, ഫാക്ടറി പുകയും അന്തരീക്ഷത്തിലേക്ക് കോർബോർഡിഓക്സിടെ ,കാർബൺമോണോക്സിടെ എന്നിവ പുറംതള്ളുന്നു .ഇത് ആഗോള താപത്തിനു തന്നെ കാരണമാകുന്നു .ഭൂമി ദൈവത്തിന്റെ ദാനമാണ് . ഭൂമി മലിനമാക്കുന്നവരുണ്ട് .ഓർക്കുക ഭൂമിയിൽ നട്ട വസ്തുക്കളാണ് നാം കഴിക്കുന്നത് .മനുഷ്യനല്ലാതെ മറ്റൊരു ജീവിയും തങ്ങളുടെ ഭക്ഷണം വിഷമയമാക്കുന്നില്ല . കളനശിപ്പിക്കാൻ വേണ്ടി  കളനാശിനികൾ ഉപയോഗിക്കുമ്പോൾ വാസ്തവത്തിൽ നാം ഭൂമിക്ക് വിഷമടിക്കുകയാണ് ചെയ്യുന്നത് .വനങ്ങൾ നമ്മുടെ ഉപകാരികളാണ് .നമുക്ക് വേണ്ട മഴ തരുന്നത് വനങ്ങളാണ് .കേരളത്തിന്റെ പ്രകൃതി ഭംഗിക്ക് കാരണം വനങ്ങളാണ് .വനനശീകരണം വരൾച്ച ,കുടിവെള്ളക്ഷാമം, കൃഷിനാശം എന്നിവ വരുത്തുന്നു .

പ്രകാശ മലിനീകരത്തെ കുറിച്ച് അധികമാരും ചിന്തിക്കാറില്ല .പ്രകാശ മലിനീകരണം രാത്രി ഇരതേടുന്ന പക്ഷികളെ അപകടത്തിൽ ആക്കുന്നു .രാത്രി കണ്ണുകാണാൻ വയ്യാതെ അവ വലിയ ടവറുകളിൽ ചെന്ന് ഇടിച്ചു വീഴുന്നു .പ്രകൃതി സംരക്ഷണം നമ്മുടെ ഉത്തരവാദിത്വം ആണ് .തന്നോടും സഹജീവികളോടുമുള്ള ഉത്തരവാദിത്വം .സമസ്ത ലോകത്തിനു സുഖം ഭവിക്കാൻ പ്രകൃതിയെ സംരക്ഷിച്ചേ  മതിയാകൂ ..

പ്രകൃതിയെ സംരക്ഷിക്കുക ...  നശിപ്പിക്കരുത്....

***ഫിൽസിന***   ***9A***

# Space



*Space is the boundless*
*dimensional extend in*
*which objects and event*
*have relative position*
*and direction , physical  space is often conceived in three timer dimensions ,*
*although modern physicists*
*usually consider it with time to be part of a boundless four-dimensional*
*continuum known as space time Wikipedia....*



***Seda.P.S***
***7B***

# മാതൃവാത്സല്യം



അമ്മയുടെ വാത്സല്യത്തിനേക്കാൾ ഉപരിയായി ഈ ലോകത്തിൽ ഒന്നും ഇല്ല . സ്നേഹം എന്നതിന്റെ മറ്റൊരു അർത്ഥമാണ് അമ്മ എന്നത് . വീടിന്റെ അണയാത്ത വിളക്കും , കെട്ടുറപ്പുമാണ് അമ്മ എന്ന സ്ത്രീ സഹോദരങ്ങൾ തമ്മിലുള്ള ബന്ധം നിലനിർത്തുന്ന പാലവുമാണ് അമ്മ . ഈ ലോകം വെട്ടിപ്പിടിച്ചാൽ കിട്ടുന്നതിനേക്കാൾ സുഖം , അമ്മയെ കെട്ടിപിടിച്ചാൽ കിട്ടും . വിളിച്ചാൽ വിളി കേൾക്കുന്ന ദൈവം ... കരഞ്ഞാൽ കണ്ണുനീർ തുടയ്ക്കുന്ന ദൈവം അമ്മ ! പ്രപഞ്ചത്തിൽ അമ്മയേക്കാൾ വലിയ പോരാളി മറ്റാരുമില്ല ... സ്വന്തമായതെന്ന് പൂർണമായി പറയാൻ പറ്റുന്ന ഒന്നെ ഉള്ളു .... അമ്മ . എന്റെ മുഖം കാണും മുൻപേ .... എന്റെ ശബ്ദം കേൾക്കും മുൻപേ .... എന്റെ ഗുണങ്ങൾ അറിയും മുൻപേ .... നമ്മെ സ്നേഹിച്ച ഒരു ഹൃദയം അമ്മയുടേതാണ് . മാതൃഭാഷയ്ക്കും മാതൃഭൂമിക്കും മാതാവിനും സമാനമായി വേറെ പദമില്ല . ഉള്ളെത്ര വിങ്ങിയാലും മങ്ങലേൽക്കാത്ത ചിരിയാണ് അമ്മയ്ക്കെന്നും ......



ആൻസിയ. എൻ. എ

9A

# ഭൂമി മരിക്കുന്നുവോ ?

മരിക്കുന്നു ഭൂമി മരിക്കുന്ന തായ
മരവിക്കുന്നു ഈ ജീവദായിനീഗോളം
കത്തുന്നു സൂര്യൻ കത്തുന്നു പൃഥ്വി
ജ്വരത്താൽ വിറച്ചു പകയ്ക്കുന്ന കാഴ്ച
വെട്ടിപ്പൊളിക്കുന്നു അമ്മതൻ നെഞ്ചകം
എന്നിട്ടും നിറകണ്ണുകളോടെ 'അമ്മ -
യിനിയുമെന്തേയിങ്ങനെ വാരിക്കോരി കൊടുക്കുന്നു
ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന പാതകം
അറിഞ്ഞുകൊണ്ടേ ചെയ്യുന്നീ മാനുഷ്യർ വിഢികൾ
വിളിക്കുന്നു ദുരിതത്തെ അകറ്റുന്നു സ്നേഹത്തെ
ഈ പച്ചയാം ഭൂമിയെ മരുഭൂമിയാക്കുന്ന പാതകർ
ഉരുകുന്ന ഗിരി നിരകളും
ഉയരുന്ന സമുദ്ര പ്രതലവും
മറയുന്നീ മണ്ണിൻ മക്കലാം പക്ഷിമൃഗാദികളും
ഇനിയെന്തോപദേശം നൽകേണ
മെന്നാർക്കറിയാമി കൊടും ക്രൂരത
ചെയ്തു രസിച്ചീടുന്നവർക്കായി
അത്യുന്നത സുന്ദര സൗധങ്ങൾ കെട്ടി
പുളക്കുന്നവരെന്തേയിനിയുമറിയുന്നില്ല
മണ്ണിനുമീതെയടിയുറപ്പിച്ച രാക്ഷസർ
ഭൂമിയെയിഞ്ചിഞ്ചായി കൊല്ലുന്ന കാര്യവും
ബാക്കിവയ്ക്കുമൊരിത്തിരി പച്ചപ്പ്
ഇനിവരുന്ന തലമുറയ്ക്കായി
നൽകാമർഹതപ്പെട്ട ദൈവീകാസ്ഥാനവും

***മണ്ണിന്റെ കൂട്ടുകാരാമെൻ അന്നദായക കർഷകർക്കായി***



***Aswani K.J 10C***

# ഞങ്ങൾക്കും പറയാനുണ്ട്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ,

ഞങ്ങൾ എസ് .ഡി .പി .വൈ .ജി .വി .എച് .എസ് .എസ് ലെ വിദ്യാർത്ഥിനികളാണ്.പത്രത്തിൽ ജയിലിലെ ക്രിമിനലുകൾക്ക് ചിക്കൻ,മട്ടൺ,തുടങ്ങിയ വിഭവങ്ങൾ ഉൾപ്പെടുത്താൻ പോകുന്നു എന്ന വാർത്ത ഞങ്ങൾ വായിച്ചു.വിദ്യാലയങ്ങളിൽ ഉച്ച ഭക്ഷണ വിതരണം നടത്തുന്നുണ്ട് .

എന്നാൽ എം .പി .ഫണ്ടിൽ നിന്നും പോഷക സമൃദ്ധമായ ഭക്ഷണം ലഭിക്കുന്നുണ്ട്.ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികൾക്കുകൂടി പോഷക സമൃദ്ധമായ ഭക്ഷണ വിതരണം നടത്തണമെന്നും ചിക്കൻ, മട്ടൺ തുടങ്ങിയ വിഭവങ്ങൾ ഞങ്ങളുടെ ഉച്ചഭക്ഷണത്തിലും ഉൾപ്പെടുത്തണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

ഈ കത്ത് വെറുമൊരു കടലാസ് കഷ്ണം മാത്രമായി തള്ളിക്കളയരുത്.ഒരു കൂട്ടം കുട്ടികളുടെ പ്രതികരണം കൂടിയാണ് ഇത്.

ഞങ്ങൾക്കും പറയാനുണ്ട്.

എന്ന് സ്നേഹപൂർവ്വം
എസ്. ഡി. പി .വൈ. ജി .വി. എച് .എസ്. എസ്
***ആറാം ക്ലാസ് വിദ്യാർത്ഥിനികൾ***



# സുവർണ നിമിഷങ്ങൾ



രക്ഷാകർത്തൃവിദ്യാഭ്യാസം
**SDPYGVHS**
















# കൃഷ്ണനെത്തേടി....

കൃഷ്ണഗാഥയിൽ നിന്നെ  തിരഞ്ഞു ഞാൻ

കൃഷ്ണ പക്ഷങ്ങൾ താണ്ടി തളർന്നുപോയി

ഗോകുലങ്ങളിൽ ഗോപികാ ഗേഹത്തിൽ നീ അണഞ്ഞുവോ ...

ശ്യാമ പ്രകാശമേ ...

എന്നെ നീ അറിയില്ലയെന്നാകിലും നിന്നെ ഞാൻ തേടി

എല്ലാടവും ചെന്നു

കായാമ്പൂക്കളും കാർമേഘവർണ്ണവും കാതരയായി

എന്നെ വിളിക്കുന്നു

നിൻ മുടിക്കെട്ടിനുള്ളിലെ മോഹന വർണ്ണപിഞ്ചികയാകാൻ

കഴിയുമോ ?

കാറ്റിലൂടെ അലഞ്ഞുചെന്നെന്നിലെ ശ്വാസധാര

നിൻ ചുണ്ടിലണയ്ക്കുമോ ?

പാഴ് മുളങ്കമ്പാകുമെൻ ജീവനിൽ

നിൻഗാനമാധുര്യവീചി നിലയ്ക്കുമോ ?

എന്റെ ജന്മം സഫലമായീടുവാൻ ഇന്നിതല്ലാതെ


മറ്റൊന്നുമേവേണ്ട ....................................................

**ശ്രീ ദേവി**

***(അധ്യാപിക )***



# MY DAD




***My dad is a man like no other in the world.***
***My father give me whatever I want.***
***The most brilliant, amazing and caring in the whole world is my dad.***
***He is my super star.***
***There is no other words to describe you.***
***Whenever i was in danger you came to help me.***
***A daughter's confidence is her father, and***
***a son's inspiration too.***
***He gives love and much confidence to us.***
***The only thing i want to say is "I love you very much".***
***Dad you are the best, thanks for all your love.........***

**DAD YOU ARE THE BEST**



***DEVINA GIRISH, 7A***

# കാടിന്റെ  സന്തോഷം



മാനത്തുന്നൊരു  ഇടിമിന്നൽ ശബ്ദം

മഴപെയ്യാറായല്ലോ

മൃഗങ്ങൾക്ക് സന്തോഷമായല്ലോ

അവർ നൃത്തം കളിച്ചു തുടങ്ങിയല്ലോ

മയിലുകൾ പീലി വിടർത്തില്ലോ

ഒരു മഴ കൊണ്ട് സന്തോഷം വന്നെല്ലോ



***NANDHANA***
***9C***

# കേരളം എങ്ങോട്ടു ??????



**കേരളം**

***കേരളം കേരങ്ങളുടെ നാട്. മലയാള ഭാഷ നെഞ്ചിലേറ്റി നടക്കുന്ന നാട്. പച്ചപ്പുനിറഞ്ഞ നാട് എഴുത്തച്ഛൻ നമുക്ക് തന്ന നിധിയാണ് മലയാളം .***

***പക്ഷെ , ഇന്ന് മലയാളം മലയാളികൾക്ക് വേണ്ട . പച്ചപ്പുള്ള പ്രദേശം നമ്മുടെ സ്വപ്നങ്ങളിൽ മാത്രം . പച്ചപ്പിൽ ഇപ്പോൾ കുറ്റൻ കെട്ടിടങ്ങൾ . നീല ആകാശം മലിനമായി . കേരളത്തിലെ ആളുകൾക്ക് സമയമില്ല . കേരളം ഇങ്ങോട്ടുള്ള പോക്കാണെന്നെന്നു ആർക്കും അറിയില്ല . കേരളം എങ്ങോട്ടു***





***hafna***
***9B***

# ദുര

*മനുഷ്യന്റെ ആർത്തി എത്ര കിട്ടിയാലും മതിവരാത്ത ദുര .*
*പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന് കൊടുങ്കാറ്റായും പേമാരിയായും പ്രളയമായും തിരിച്ചടിച്ചിട്ടും അടങ്ങാത്ത ആർത്തി ഇനി എങ്ങനെ എന്ന് നിശ്ചയമില്ലാത്ത അവസ്ഥയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു . കായലുകൾ നികത്തുന്നത് , തണ്ണീർ തടങ്ങൾ നികത്തുന്നത് , പുഴകൾ കൈയ്യേറുന്നത് , മണൽ വാരുന്നത് വനനശീകരണം എന്ന് വേണ്ട ഏതെല്ലാം തരത്തിൽ പ്രകൃതിയെ നശിപ്പിക്കാനും മനുഷ്യൻ ഒരുക്കമാണ് . പ്രകൃതിയിലേക്ക് വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ, അമിതമായി ഉപയോഗിക്കുന്ന രാസവളങ്ങൾ കീടനാശിനികൾ എന്നിവ പ്രകൃതിയുടെ പ്രകൃതിയുടെ സ്വാഭാവികത നശിപ്പിക്കുന്നു എന്ന തിരിച്ചറിവ് എന്തുകൊണ്ട് മനുഷ്യനില്ലാതെ പോകുന്നു മനുഷ്യൻ വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ വിപത്ത് മനസ്സിലാക്കാതെ അത് അകത്താക്കുന്ന മറ്റു ജീവജാലങ്ങൾ കൊല്ലപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്ന യാഥാർഥ്യം മനുഷ്യൻ തിരിച്ചറിയാത്തതോ ? അതോ അറിഞ്ഞില്ല എന്ന് ഭാവിക്കുന്നതോ ?*

*റിന്യ റോസ്* ***10 c***

# CHILDHOOD




*Childhood is the kingdom were nobody dies. We didn't realize we were making memories. We just knew we were having fun. There is something about childhood, friends that you just can't replace. Childhood, after all, is the first precious coin that poverty steals from a child. If you carry your childhood with you, you never become older.*

*Childhood means simplicity. Look at the world with the child eye it is very beautiful. "Children must be taught how to think not what to think". Childhood is like being drunk. Everyone remembers what you did "Except you".*



***NANDHANA***
***9C***

# ചങ്ങാതി

ഒരിക്കൽ കാടിന്റെ അങ്ങേയറ്റത്ത് ഒരു ആപ്പിൾ മരത്തിൽ കുറേ കുരങ്ങന്മാർ താമസിച്ചിരുന്നു. ആപ്പിൾ മരത്തിന്റെ അടുത്തായി ഒരു കുളമുണ്ടായിരുന്നു . ഒരു കിളി പറന്നു വന്നപ്പോൾ കുളത്തിന്റെ അടുത്ത് ഒരാനക്കുട്ടി നോക്കിയിരിക്കുന്നു. കിളിയമ്മ ചോദിച്ചു; എന്താ ആനക്കുട്ടി വിഷമിച്ചിരിക്കുന്നത്. അപ്പോൾ ആനക്കുട്ടൻ പറഞ്ഞു; എനിക്കിവിടെ ചങ്ങാതിമാരാരും ഇല്ല. കിളി പറഞ്ഞു; ഒരാപ്പിൾ മരത്തിൽ എത്ര മാത്രം കുരങ്ങന്മാരാണ് അവരായിട്ട് പോയികളിക്ക് ആനക്കുട്ടൻ : ശരി കുഞ്ഞുകിളി പിന്നെ കാണാം. " ആനകുട്ടൻ അവിടെയെത്തി" കൂട്ടുകാരെ എന്നെയും കളിക്കാൻ കൂട്ടുമോ? അപ്പോൾ അവിടന്ന് ഒരു ഉണ്ണികുരങ്ങൻ ഇവനെ കളിയാക്കി "കൊടവയറാ കൊടവയറാ" ഇവൻ വിഷമത്തോടെ നടന്നുപോയി. ഇവൻ പോയതിനിടയിൽ ഉണ്ണികുരങ്ങും കുഞ്ഞു കുരങ്ങനും തല്ലുപിടിച്ച് ഉണ്ണികുരങ്ങൻ ഒരു ഗുഹയിൽ വീണു. കുഞ്ഞു കുരങ്ങൻ എല്ലാ കുരങ്ങനേയും വിളിച്ചു. ഒന്നും സംഭവിച്ചില്ല അപ്പോൾ ആ വഴിയിൽ കൂടി ആനക്കുട്ടൻ വന്നു. കുരങ്ങന്മാർ ആനകുട്ടനെ വിളിച്ചു; ആനകുട്ടാ നീ വരണം. ആനകുട്ടൻ എന്ത് പറ്റി ചങ്ങാതിമാരെ. ഉണ്ണികുരങ്ങൻ ഗുഹയിൽ വീണു ഞാൻ രക്ഷിക്കാം ഇവിടെ വെല്ല കയറും ഉണ്ടോ? അത് ഇങ്ങ് തരു ഉണ്ണി കുട്ടാപിടിച്ചോളൂ "അങ്ങനെ ഉണ്ണികുട്ടനെ രക്ഷപെടുത്തി". അവൻ പറഞ്ഞു; എന്നോട് ക്ഷമിക്കണം ആനക്കുട്ടാ ഞാൻ നിന്നെ കുറേ കളിയാക്കി. നീയാണ് എന്റെ ഏറ്റവും വലിയ ചങ്ങാതി...

**ഫർസാന . റ്റി. എഫ്**

# ഞാനെന്ന ചിന്ത



എല്ലാനേരത്തും ഓരോന്ന് ചിന്തിക്കുന്നവരാണ് ഇന്ന് ഏതെങ്കിലും നിലയിൽ  എത്തി ചേർന്നിട്ടുള്ള .എന്റെ ചിന്തകൾ അതിൽ നിന്ന് വ്യത്യസ്തമാണ് . എന്റെ ചിന്തകൾ ലോകത്തെയല്ല എന്റെ ജീവിതത്തെയാണ്  ബാധിക്കുന്നത് . ഇടയ്ക്ക് തോന്നും കുട്ടിയായിരുന്നാൽ മതിയായിരുന്നു എന്ന് കാരണം തേടുമ്പോൾ കിട്ടുന്നതോ ,മുട്ടിലെ മുറിവുകൾ ഉണക്കിയാൽ തീരാവുന്ന വേദനകളെ  അന്നുണ്ടായിരുന്നുള്ളു എന്ന്. പിന്നെയും ചിന്തിക്കും ഇങ്ങനെയൊക്കെ...........
മനുഷ്യർ ജീവിക്കാൻ ആഗ്രഹിക്കുന്നു എന്നാൽ മരിക്കാൻ ആഗ്രഹിക്കുന്നില്ല എന്ത് കൊണ്ട് ?
പിന്നെയും ചിന്ത തുടരും ഇങ്ങനെയെല്ലാം .......................

***ഫാത്തിമ  അഫ്സൽ***

***9A***

# വൃദ്ധസദനം



*വൃദ്ധന്റെ കണ്ണിൽ കാണുന്ന ദയ*
*കാണുവാൻ നാം ചെല്ലും  വൃദ്ധസദനം*
*വൃദ്ധന്റെ കണ്ണുനീരിന്റെ  കഥകൾ*
*കേൾക്കുവാൻ നാം ചെല്ലും വൃദ്ധസദനം*
*കുഞ്ഞിലേ നമ്മെ വളർത്തി വലുതാക്കി*
*നമ്മെ പഠിപ്പിച്ച വലിയൊരാളാക്കി*
*നമ്മുടെ കാര്യങ്ങൾ എല്ലാം ചെയ്തു*
*നമ്മെ വളർത്തി വലുതാക്കി*
*പേരക്കിടാവുമൊത്തോരു  ജീവിതം*
*പാവമാം വൃദ്ധൻ കൊതിച്ചു*
*ജോലിയും കൂലിയുമില്ല*
*മക്കൾക്കൊക്കെ ശല്യവുമായി*
*അങ്ങനെ അങ്ങനെ നാട്ടിൽ പുലർന്നു*

*വൃദ്ധസദനം*



*ഫാത്തിമ ഫർസാന*

*9B*

# SHINING PRINCESS



When I look at the sky
The star was glowing .
She is smiling on me
Like a cute little baby.
Her colour was white and bright
Shining in the sky very quiet.
Decorating the sky
With beautiful pearls
And looks like a princess.....



***HARSHA***
***9C***

# ജന്മം

എത്രയോ പുണ്യമാം ജന്മം
എത്രയോ ശ്രേഷ്ടമാം ജന്മം
ഈ ഊഴിതൻ മടിത്തട്ടിൽ പിറവി -
യെടുത്തൊരീ ധന്യമാം ജന്മം .
കയ്പ്പും മധുരവുംഇടചേർന്ന വാഴ്‌മീ
വശ്യതയാർന്നൊരീ ജന്മം
ആനന്ദമധുരം നുകരുമ്പോൾ ജന്മം
ശ്രേഷ്ടമെന്നോതുന്ന മനുജർ
കലുഷമാം നോവുകളേറ്റ തപ്തരായി
പാഴ്ജന്മമെന്നോതിടുന്നു
സുഖ ദുഃഖ സമ്മിശ്രമാകുമീ ജീവിതം
ശ്രേഷ്ഠതമം തന്നെയല്ലോ !
ശാന്തമാകൂ ശാന്തമാകൂ ഹൃദയമേ ...
***മർത്യജന്മം പുണ്യജന്മം (2)***

***റീഷ***

***അദ്ധ്യാപിക***



## ചിന്നുവിന്റെ സ്വപ്നം

ഒരിടത്ത് ഒരു ഗ്രാമത്തിൽ ഒരമ്മയും മകളും താമസിച്ചിരുന്നു.മകളുടെ പേരാണ് ചിന്നു.ചിന്നുവാണ് നമ്മുടെ ഈ കഥയിലെ നായിക.ചിന്നുവിന്റെ അച്ഛൻ അവളുടെ ചെറുപ്പത്തിൽ തന്നെ മരിച്ചുപോയിരുന്നു.അവളുടെ അമ്മ വീട്ടുജോലിയെടുത്തിട്ടാണ് അവളെ പഠിപ്പിച്ചിരുന്നത്.ഒരുനാൾ,ചിന്നുവിന് ഒരു മോഹം തോന്നി.എന്തെന്നറിയോ ?? അവൾക്ക് കരാട്ടെ പഠിക്കാൻ ഒരാഗ്രഹം.അവളുടെ വീടിന്റെ അടുത്ത് ഒരു കരാട്ടെ ക്ലാസ് ഉണ്ടായിരുന്നു.അവിടെ ആൺകുട്ടികൾ കരാട്ടെ പഠിക്കുന്നത് കണ്ടിട്ടാണ് തനിക്കും പഠിക്കണം എന്നുള്ള മോഹം അവളുടെ മനസ്സിൽ വിരിഞ്ഞത്.അങ്ങനെ ചിന്നു തന്റെ ആഗ്രഹത്തെ കുറിച്ച് അമ്മയോട് പറഞ്ഞു.ചിന്നുവിന്റെ ആഗ്രഹം കേട്ടപ്പോൾ അമ്മയുടെ മറുപടി ഇതായിരുന്നു:കരാട്ടെയൊക്കെ ആൺകുട്ടികൾ പഠിക്കുന്നതല്ലേ ? നീ ഒരു പെൺകുട്ടിയാണ്,മാത്രമല്ല ഇതൊക്കെ പഠിച്ചിട്ട് നിനക്ക് എന്ത് ചെയ്യാൻ കഴിയും? അതുകൊണ്ട് ഇപ്പൊ എന്റെ മോൾ എന്തെങ്കിലും ചെന്നിരുന്ന് പഠിക്കാൻ നോക്ക്,എന്ന് പറഞ്ഞുകൊണ്ട് അമ്മ അടുക്കളയിലേക്ക് പോയി.ചിന്നു ആകെ സങ്കടത്തിലായി. അവൾ വീണ്ടും വീണ്ടും അമ്മയോട് ഈ കാര്യത്തെ പറ്റി സാരിച്ചുകൊണ്ടിരുന്നു.അവസാനം ചിന്നുവിനെ കരാട്ടെ ക്ലാസ്സിൽ ചേർക്കാൻ അമ്മ തീരുമാനിച്ചു.അങ്ങനെ ചിന്നുവും അമ്മയും കൂടി അവരുടെ വീടിന്റെ അടുത്തുള്ള കരാട്ടെ ക്ലാസ്സിൽ ചെന്നു.അവിടെ ഒരു സർ ആയിരുന്നു കരാട്ടെ പഠിപ്പിച്ചുകൊണ്ടിരുന്നത്.ചിന്നുവിന്റെ അമ്മ സാറുമായി സംസാരിച്ച് അവളെയും കൂടി കരാട്ടെ പഠിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു.ചിന്നുവിനോട് നാളെ മുതൽ ക്ലാസ്സിൽ വന്നു തുടങ്ങിക്കോളാൻ സർ പറഞ്ഞു.അതുകേട്ടപ്പോൾ ചിന്നുവിന് തന്റെ സന്തോഷം അടക്കാൻ കഴിഞ്ഞില്ല.അപ്പോൾ തന്നെ ചിന്നു അമ്മയ്ക്ക് കെട്ടിപ്പിടിച്ചൊരു ഉമ്മ കൊടുത്തു . എന്നിട്ട് അമ്മയേയും കൂട്ടി വീട്ടിലേക്ക് പോയി.അങ്ങനെ,പിറ്റേദിവസം ആയി.ചിന്നു കരാട്ടെ ക്ലാസ്സിൽ പോകുവാൻ തയ്യാറായി,അപ്പോൾ അമ്മ പറഞ്ഞു:മോളെ ശ്രദ്ധിച്ച് വേണം അവിടെ നിൽക്കാൻ കാരണം അവിടെ പെൺകുട്ടിയായി നീ മാത്രമേയുള്ളൂ അതുകൊണ്ട് അമ്മയ്ക്ക് പേടിയാകുന്നു നിന്നെ വിടാൻ.അമ്മ പേടിക്കണ്ട ഞാൻ എല്ലാം നോക്കിക്കോളാം എന്നുപറഞ്ഞുകൊണ്ട് ചിന്നു കരാട്ടെ ക്ലാസ്സിലേക്ക് പോയി.അവിടെ ചെന്നപ്പോൾ കുറെ ആൺകുട്ടികൾ “HU... HHAA..” എന്നു ഉച്ചത്തിൽ പറയുന്നുണ്ടായിരുന്നു.അവരുടെ ആ ശബ്ദം കേട്ട് ചിന്നുവിന് ഉള്ളിൽ ചെറിയ ഭയം തോന്നി.എങ്കിലും അവൾ അത് കാര്യമാക്കാതെ അകത്തേക്ക് കയറിച്ചെന്നു.അപ്പോൾ സർ അവളോട് കരാട്ടെ പഠിക്കുന്ന ആൺകുട്ടികളുടെ അടുത്ത് വന്നു നിൽക്കാൻ പറഞ്ഞു.അവിടെയുള്ള ആൺകുട്ടികളെല്ലാം

ചിന്നുവിനെ കണ്ട് ആശ്ചര്യത്തോടെ നിന്നു.അവർക്കാർക്കും ചിന്നു വന്നത് ഇഷ്ടമായിട്ടില്ല.അവർ എല്ലാം ചിന്നുവിനെ ഒരു ശത്രുവിനെപ്പോലെ നോക്കിനിന്നു.സാർ കരാട്ടെ പഠിപ്പിക്കാൻ തുടങ്ങി,ആൺകുട്ടികൾ ഓരോന്നും ചെയ്യുന്നത് കണ്ട് ചിന്നുവും അതുപോലെ ചെയ്യാൻ ശ്രമിച്ചു.കുറച്ചുനേരം കഴിഞ്ഞപ്പോൾ ഇടവേളയായി.അപ്പോൾ ആ സമയത്ത് എല്ലാ ആൺകുട്ടികളും ചിന്നുവിന്റെ അടുത്തേക്ക് ചെന്നു,എന്നിട്ട് അവളെ എല്ലാവരും ചേർന്ന് വഴക്കുപറഞ്ഞു.ആൺകുട്ടികൾ മാത്രം പഠിക്കുന്ന ഈ ക്ലാസ്സിലേക്ക് എന്തിനാ നീ വന്നതെന്നും, നാളെ നിന്നെ ഇവിടെ കണ്ടുപോകരുതെന്നും,കരാട്ടെ ആൺകുട്ടികൾക്ക് പറഞ്ഞിട്ടുള്ളതാണെന്നും, അവർ പറഞ്ഞു.ചിന്നുവിനെ  അവർ ഉപദ്രവിക്കുകയും ഇനി മുതൽ ഇവിടെ നീ ഉണ്ടാകാൻ പാടില്ല എന്നും അവർ ചിന്നുവിനെ ഭീഷണിപ്പെടുത്തി.അതുകേട്ടപ്പോൾ ചിന്നുവിന് ആകെ ഭയം ആയി, അവൾ കരഞ്ഞുകൊണ്ട് വീട്ടിലേക്ക് പോയി.എന്നിട്ട് അമ്മയെ കെട്ടിപ്പിടിച്ചു അവിടെ നടന്ന കാര്യങ്ങൾ അമ്മയോട് പറഞ്ഞു.അമ്മ അവളെ സമാധാനിപ്പിച്ചിട്ടു പറഞ്ഞു ഇതുകൊണ്ടാ മോളെ ഞൻ ആദ്യം പോകാൻ സമ്മതിക്കാതിരുന്നത് .ഇപ്പൊ മനസ്സിലായില്ലേ ആൺകുട്ടികൾ ചെയ്യുന്നത് കണ്ട് നമ്മൾ പെൺകുട്ടികൾ ഇതൊക്കെ ചെയ്യാൻ പോയാൽ ഇതാവും സ്ഥിതി.അതുകൊണ്ട് നിനക്ക് പറഞ്ഞിട്ടുള്ള പണി മാത്രം നീ ചെയ്താൽ മതി.ഇനി നീ കരാട്ടെ പഠിക്കാൻ പോകരുതെന്നും അമ്മ അവളോട് പറഞ്ഞു.അമ്മയുടെ ഈ വാക്കുകൾ കേട്ടപ്പോൾ ചിന്നു തളർന്നുപോയി.അന്ന് രാത്രി ചിന്നുവിന് ഉറങ്ങാൻ കഴിഞ്ഞതേയില്ല.അന്നത്തെ ദിവസം ആ ആൺകുട്ടികളും പിന്നെ തന്റെ അമ്മയും പറഞ്ഞ വാക്കുകൾ അവളുടെ മനസ്സിൽ അലയടിച്ചുകൊണ്ടിരുന്നു.പിറ്റേ ദിവസമാണ് ചിന്നു ആ വാർത്ത കേട്ടത്.അന്ന് ഒളിംപിക്സിൽ ബോക്സിങ് ഇനത്തിൽ മേരി കോങ്ങിന് സ്വർണ മെഡൽ ലഭിച്ചു.  ആ വാർത്ത കേട്ടയുടൻ അവൾ ഓടിച്ചെന്ന് അമ്മയോടും പിന്നെ ക്ലാസ്സിൽ ചെന്ന് അവിടെയുള്ള ആൺകുട്ടികളോടും പറഞ്ഞു .ഒരു പെണ്ണിനു ഏത് മേഖലയിൽ  വേണമെങ്കിലും പങ്കെടുക്കാം. അതിനുദാഹരണമാണ് മേരികോങ്ങ്. ഈ ലോകത്ത് ആണെന്നോ പെണ്ണെന്നോ വേർതിരിവുകളില്ലെന്ന് അവൾ അവർക്ക് തെളിയിച്ചുകൊടുത്തു.ഒരു പെണ്ണിന്റെ സ്വപ്നങ്ങളെ,ആഗ്രഹത്തെ ആർക്കും തടയാൻ അവകാശമില്ല.അങ്ങനെ ചിന്നു അവളുടെ ആഗ്രഹം പോലെ വീണ്ടും കരാട്ടെ ക്ലാസ്സിൽ പോകുവാൻ തുടങ്ങി,അവളുടെ സ്വപ്നങ്ങൾ നേടിയെടുക്കാൻ വേണ്ടി ......

*തസ്ലീമ*

***9 A***



# കലാ ചാരുത





***Judi Alana 6A***















*Ajitha Sankaran 10 C*

## ഡിജിറ്റൽ പൂക്കളം





ഈ മാഗസിനുവേണ്ടി വിഭവങ്ങൾ തന്നവർക്ക്...................

മാർഗ നിർദ്ദേശങ്ങൾ തന്നവർക്ക്....................................

മറ്റു വിധത്തിൽ സഹായിച്ച അധ്യാപകർക്ക്.....................

അവസരം ഒരുക്കിത്തന്ന പ്രധാനാധ്യാപികയ്ക്ക്...................

# നന്ദി.............................